ഇനി ഒരു കവിത പരിചയപ്പെടാം

# ഒന്നല്ലൊരുകോടി മാവേലിമാർ



കപ്പ കൊഴച്ചതും കാന്താരിയും
ചക്കരക്കാപ്പിയും ചമ്മന്തിയും
ഓണമാഘോഷിക്കയാണു ഞങ്ങൾ
പ്രാണൻ തിരിച്ചുപിടിച്ച മക്കൾ.

മല വിണ്ടുകീറിത്തിളച്ചു സമസ്തവും
പ്രളയപ്പെരുങ്കാളി ചുട്ടുതിന്നു
മണ്ണിന്നടിയിൽപ്പിടയുന്നിതിപ്പൊഴും
കണ്ണിലെ കൃഷ്ണമണികളായോർ.

മക്കളെക്കാളും പ്രിയമാർന്ന പൂവാലി
ചത്തുമലച്ചു കുരുതിയാറ്റിൽ;
ഇപ്പരുവത്തിൽ ചിരിയ്ക്കാൻ മേലാ
ഒക്കെപ്പൊറുക്കണേ കാക്കപ്പൂവേ; തിരു-
വോണം മറക്കാത്ത തുമ്പപ്പൂവേ!

വട്ടത്തിൽ കൈകോർത്തുപാടിക്കളിക്കുന്ന
മുറ്റം കരിമ്പുഴ കാർന്നുതിന്നു.
ഉത്രാടരാവിലെപ്പാൽനിലാവേ
ഒക്കെ നിനക്കറിവുള്ളതല്ലേ?

എന്നാലും ഞങ്ങൾ പിടിച്ചുനില്ക്കും
കൊന്നാലും വീണ്ടും മുളച്ചു പൂക്കും.
നന്മത്തിരി കത്തിച്ചായിരം കയ്യുകൾ
ഒന്നിച്ചു നീളുന്ന ചേലുകണ്ടോ ?

ആയിരമായിരം മാവേലിമാർ
ആണായും പെണ്ണായും കാവൽ നിൽക്കേ,
ഓണത്തിനിക്കുറി നമ്മൾ പാടും
കേരളമെന്നുള്ള സംഘഗാനം; മർത്ത്യ-
ജീവിതമെന്നൊരുയിർപ്പുഗാനം.

ഏഴാച്ചേരി രാമചന്ദ്രൻ

### കവിത ചൊല്ലാം

കവിത ആദ്യം മൗനമായി വായിക്കൂ. തുടർന്ന് ഗ്രൂപ്പുകളായി ഈണത്തിൽ ഒന്നിച്ചു ചൊല്ലൂ.

എല്ലാം ഒഴുക്കിക്കൊണ്ടുപോകുന്ന പെരുംപ്രളയകാലത്തിന്റെ സൂചനകൾ കവിതയിലുണ്ട്. വരികൾ കണ്ടെത്തി ചൊല്ലൂ.

### കവിതയുടെ ഉള്ളറിയാം

"ഇപ്പരുവത്തിൽ ചിരിക്കാൻ മേലാ,
ഒക്കെപ്പൊറുക്കണേ കാക്കപ്പൂവേ, തിരു-
വോണം മറക്കാത്ത തുമ്പപ്പൂവേ!"

പൂക്കളെ കണ്ടിട്ടും നമുക്ക് ചിരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാവും? നിങ്ങളുടെ കണ്ടെത്തലുകൾ എഴുതൂ.

### കൊളാഷ്

ദുരന്തങ്ങളിലും അപകടങ്ങളിലും ദുരിതബാധിതരെ സഹായിക്കാൻ മുന്നിട്ടിറങ്ങുന്ന ആളുകളെക്കുറിച്ച് പത്രങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും നമുക്കറിയാം. അത്തരം വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ക്ലാസിൽ വിശദീകരിക്കൂ. കൂടുതൽ ചിത്രങ്ങളും വാർത്തകളും ചേർത്ത് ഒരു കൊളാഷ് തയ്യാറാക്കൂ.

### വിശകലനക്കുറിപ്പ്

എന്നാലും ഞങ്ങൾ പിടിച്ചുനില്ക്കും,
കൊന്നാലും വീണ്ടും മുളച്ചു പൂക്കും,
നന്മത്തിരി കത്തിച്ചായിരം കയ്യുകൾ
ഒന്നിച്ചു നീളുന്ന ചേലുകണ്ടോ?

ആയിരമായിരം മാവേലിമാർ
ആണായും പെണ്ണായും കാവൽ നിൽക്കേ,
ഓണത്തിനിക്കുറി നമ്മൾ പാടും
കേരളമെന്നുള്ള സംഘഗാനം, മർത്ത്യ-
ജീവിതമെന്നൊരുയിർപ്പുഗാനം!

ഒന്നല്ലൊരുകോടി മാവേലിമാർ എന്ന കവിത നല്കുന്ന സന്ദേശം എന്ത്?

ഈ വരികൾ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കൂ.

ഇതുപോലെ,

ഒരു പ്രശ്നമനുഭവപ്പെട്ടപ്പോൾ അതിനെതിരെ പോരാടിയ ഒരു പെൺകുട്ടിയെ പരിചയപ്പെടാം.

ഗ്രേറ്റയുടെ പോരാട്ടക്കഥ വായിക്കൂ

# ഭൂമിക്കുവേണ്ടി

അവധിക്കാലം കഴിഞ്ഞു. സ്വീഡന്റെ നിരത്തുകളിൽ യൂണിഫോമിട്ട് ബാഗും തൂക്കി നടന്നും സൈക്കിൾ ചവിട്ടിയും വീണ്ടും കുട്ടികൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

സ്റ്റോക്ക്ഹോം നഗരത്തിലാണ് സ്വീഡന്റെ പ്രൗഢമായ പാർലമെന്റ് മന്ദിരം. അതിന്റെ അകത്തളത്തിലാണ് ജനപ്രതിനിധികൾ ദ്വീപ് രാഷ്ട്രത്തിന്റെ ചട്ടങ്ങൾ ചമയ്ക്കുന്നത്. എത്രയെത്ര ചർച്ചകളാണ് അരങ്ങേറുന്നത്! പക്ഷേ ഭൂമിയുടെ ആരോഗ്യത്തെക്കുറിച്ച് ആരെങ്കിലും ഒരാൾ അതിനുള്ളിൽ തലപുകയ്ക്കുന്നുണ്ടോ?

ഒരു മാറ്റം ഉണ്ടാക്കാൻ സാധിക്കാത്തത്ര നിസ്സാരക്കാരല്ല ആരും. ജീവിതശൈലിയിൽ കൊണ്ടുവരുന്ന കൊച്ചുകൊച്ചു മാറ്റങ്ങൾക്കുപോലും മലിനീകരണം വലിയ അളവിൽ കുറയ്ക്കാൻ കഴിഞ്ഞേക്കാം. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഒറ്റപ്പെട്ട ഇടപെടലുകൾകൊണ്ടായില്ല. കൂട്ടായ പ്രവർത്തനങ്ങൾക്ക് ഭരണകൂടങ്ങൾതന്നെ മുൻകൈയെടുക്കണം. ഭൂമിക്കുവേണ്ടി നിയമങ്ങൾ നിർമ്മിക്കപ്പെടണം. ആഗോളതാപനത്തിൽ ഭൂമി ഉരുകുന്നത് ജനപ്രതിനിധികൾ അറിയുന്നില്ലെങ്കിൽ അവരുടെ ശ്രദ്ധ ക്ഷണിക്കാൻ ഗ്രേറ്റ ട്യുൻബെർഗ് തയ്യാറെടുത്തു.

**2018 ഓഗസ്റ്റ് 20.**

പാർലമെന്റ് മന്ദിരത്തിനു മുന്നിൽ കല്ലുപാകിയ നിരത്തിൽ ഒറ്റയ്ക്ക് ഒരു പെൺകുട്ടി. അവൾ സ്കൂൾ യൂണിഫോം ധരിച്ച്, മുടി ഇരുവശവും പിന്നിയിട്ടിരുന്നു. പുസ്തകസഞ്ചി തൊട്ടടുത്ത് ചാരിവെച്ചു. അവൾ കരുതിയ പ്ലക്കാർഡിലെ കൈപ്പട ആളുകൾ സ്വീഡിഷ് ഭാഷയിൽ ഇങ്ങനെ വായിച്ചു: SKOLSTREJK FOR KLIMATET (കാലാവസ്ഥയ്ക്കായി സ്കൂൾ സമരം)

ഗ്രേറ്റ ട്യുൻബെർഗ് എന്ന പതിനഞ്ചുവയസ്സുകാരി ഭൂമിക്കുവേണ്ടി, തലമുറകളുടെ ഭാവിക്കുവേണ്ടി, കാലാവസ്ഥയ്ക്കുവേണ്ടി സ്കൂൾ സമരം ആരംഭിച്ചിരിക്കുന്നു. രാവിലെ 8.30 മുതൽ വൈകിട്ട് 3 മണിവരെ സാധാരണ ക്ലാസിലിരിക്കേണ്ട സമയം മുഴുവൻ ഗ്രേറ്റ പ്ലക്കാർഡുമേന്തി പാർലമെന്റ് കെട്ടിടത്തിനു മുന്നിൽ തപസ്സു ചെയ്തു. സാധാരണക്കാരുടെ കൗതുകത്തിനപ്പുറം ആരുടെയെങ്കിലും ശ്രദ്ധ ക്ഷണിക്കാൻ അന്നത്തെ പ്രയത്നംകൊണ്ടായില്ല.




പിറ്റേ ദിവസവും ഗ്രേറ്റ രാവിലെ യൂണിഫോം ധരിച്ച് ബാഗും തൂക്കി ഇറങ്ങിയപ്പോൾ പ്ലക്കാർഡ് എടുക്കാൻ മറന്നില്ല. രണ്ടാം ദിവസം വഴിപോക്കർ കൗതുകത്തോടെ നോട്ട മെറിയുന്നതിനു പകരം ഒരു നിമിഷം നിന്ന് കാര്യം തിരക്കുന്ന തരത്തിലേക്ക് സമരം ശ്രദ്ധനേടി. അന്ന് മടങ്ങുന്ന തിനുമുൻപുതന്നെ ഗ്രേറ്റയ്ക്ക് കുറച്ചു കൂട്ടുകാരെ കിട്ടി. സ്കൂൾസമരത്തിന്റെ ആദ്യത്തെ പിന്തുണക്കാർ.

മൂന്നാം ദിവസം കൂടുതൽ ഉത്സാഹ ഭരിതയായാണ് ഗ്രേറ്റ സമരവേദിയിലെ ത്തിയത്. അന്ന് ഗ്രേറ്റ ഒറ്റയ്ക്കായിരുന്നില്ല. അവൾക്കൊപ്പം ചെറിയൊരു കൂട്ടം രൂപപ്പെട്ടു. ചെറുപ്പക്കാരായിരുന്നു കൂടുതലും.

സമരം ആറാം ദിവസത്തിൽ എത്തി. കൂട്ടുകാരോട് ഗ്രേറ്റയ്ക്ക് അന്നൊരു നിർദേശം വയ്ക്കാനുണ്ടായിരുന്നു. ലക്ഷ്യബോധമില്ലാതെ എല്ലാദിവസവും ഇവിടെ ഇരുന്നിട്ട് കാര്യമില്ല. എന്തിനുവേണ്ടിയാണ് ഈ സമരമെന്നതിനെക്കുറിച്ച് എല്ലാവരും പഠിക്കണം. സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ജനങ്ങളിലേക്ക് ഉദ്ദേശ്യം എത്തിക്കണം. ഒരു ലൈക്കോ കമന്റോപോലും സമരത്തിന് നേരിട്ടെത്താൻ കഴിയാത്തവരുടെ പിന്തുണയാണ്.

പതിയെപ്പതിയെ പാർലമെൻറ് കെട്ടിടത്തിനു മുന്നിലെ സംഭവവികാസങ്ങൾ സ്വീഡനിൽ ചർച്ചയായിത്തുടങ്ങി. എല്ലാദിവസവും സമരത്തിന്റെ ചിത്രമെടുത്ത് ഗ്രേറ്റ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചു. 'ഞങ്ങളും വരട്ടേ? എപ്പോഴാണ് കാണാൻ സാധിക്കുക?' ഗ്രേറ്റയുടെ വിശേഷങ്ങൾക്കു കീഴിൽ കമന്റ് ബോക്സിൽ ആരാധകരുടെ ചോദ്യങ്ങൾ നിരന്നു. ഗ്രേറ്റ മറുപടി നൽകി: 'എല്ലാവർക്കും സ്വാഗതം!'

നിരവധിപേർ ഓരോ ദിവസവും പാർലമെന്റിനു മുന്നിലേക്കെത്തിക്കൊണ്ടിരുന്നു. ചിലർ സ്കൂളും ജോലിയും ഉപേക്ഷിച്ച് മുഴുവൻ സമയം സമരത്തിൽ പങ്കാളികളായി. മറ്റു ചിലർ ഒരുനേരത്തെ ഭക്ഷണമോ ഷോപ്പിങ്ങോ ഉപേക്ഷിച്ച് പറ്റുന്ന സമയങ്ങളിലെല്ലാം പിന്തുണയുമായെത്തി. കൂടുതൽ കൂടുതൽ അമ്മമാർ മക്കളെയും കൂട്ടി സമരത്തിനെത്താൻ തുടങ്ങി. മുത്തശ്ശന്മാരും മുത്തശ്ശിമാരും പ്ലക്കാർഡുകളുമേന്തി

ഗ്രേറ്റയ്ക്കൊപ്പമിരുന്നു. ചിലർ ഗ്രേറ്റയ്ക്കു കഴിക്കാൻ ഭക്ഷണപ്പൊതികളും കുടിക്കാൻ പാനീയങ്ങളും കരുതി.

നഗരത്തിൽ 15 വയസ്സുകാരി പെൺകുട്ടിയുടെ സ്കൂൾസമരം അതിനോടകം വലിയ ചർച്ചയായി. പത്രങ്ങളിൽ വാർത്തകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഒമ്പതാം ദിവസമായപ്പോഴേക്കും പാർലമെന്റ് മന്ദിരത്തിനു മുന്നിലെ നിരത്തിൽ സമരക്കാർ നിറഞ്ഞു. അതോടെ വേദി മാറ്റേണ്ടി വന്നു. ഗ്രേറ്റ തടസ്സങ്ങളൊന്നും ഉന്നയിച്ചില്ല. പുതിയ നിയമങ്ങൾ വേണമെന്നല്ലാതെ ഉള്ള നിയമങ്ങൾ ലംഘിക്കുക എന്നത് അവളുടെ അജണ്ടയായിരുന്നില്ല.



പിന്നീടുള്ള ദിവസങ്ങളിൽ ലോകം ഗ്രേറ്റയെ അറിയാൻ തുടങ്ങി. കാലാവസ്ഥാ പ്രശ്നപരിഹാരത്തിന് സ്കൂൾ ഉപേക്ഷിച്ച പതിനഞ്ചു വയസ്സുകാരി എന്നപേരിൽ 'ദ ഗാർഡിയൻ' പത്രം ലേഖനം പ്രസിദ്ധീകരിച്ചു. സ്വീഡനകത്തും പുറത്തും സകലഭാഗങ്ങളിലേക്കും വാർത്തയെത്താൻ തുടങ്ങി. ഗ്രേറ്റ ചെയ്യുന്നതിനോട് യോജിക്കാൻ നഗരങ്ങളെന്നോ ഗ്രാമങ്ങളെന്നോ വ്യത്യാസമില്ലാതെ നിരവധി പേരുണ്ടായി. സ്വീഡനിൽ പലയിടങ്ങളിലും സ്കൂൾ സമരങ്ങൾ അരങ്ങേറി. ഗ്രേറ്റയ്ക്ക് പിന്തുണയറിയിച്ച് രാജ്യത്തിനകത്തും പുറത്തും വലുതും ചെറുതുമായ പ്രകടനങ്ങൾ നടന്നു.

റോമിൽ നിന്ന് ഗ്രേറ്റയെത്തേടി ഒരു ഫോട്ടോഗ്രാഫെത്തി. ഗ്രേറ്റയുടേതുപോലെ ഒരു സൈക്കിൾ. അതിന്റെ പെഡലിൽ ചാരിവെച്ച പ്ലക്കാർഡിൽ ഇങ്ങനെ എഴുതിയിരുന്നു : “നന്ദി ഗ്രേറ്റ, ഞങ്ങളുമുണ്ട് നിനക്കൊപ്പം.”

**ഭൂമിക്കുവേണ്ടി ഒരു സ്കൂൾകുട്ടിയുടെ പോരാട്ടം** **പി.എസ്.രാകേഷ്**

## ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം...

“സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ജനങ്ങളിലേക്ക് ഉദ്ദേശ്യം എത്തിക്കണം. ഒരു ലൈക്കോ കമന്റോപോലും സമരത്തിന് നേരിട്ടെത്താൻ കഴിയാത്തവരുടെ പിന്തുണയാണ്.” ഗ്രേറ്റ സുഹൃത്തുക്കളോട് ഇങ്ങനെയാണ് പറഞ്ഞത്.

ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങൾ ഗ്രേറ്റ തന്റെ സമര പ്രചാരണത്തിനായി ഉപയോഗിച്ചു. സമൂഹമാധ്യമങ്ങളിലൂടെയാണ് ലോകം ഗ്രേറ്റയെക്കുറിച്ചും ഗ്രേറ്റയുടെ സമരത്തെക്കുറിച്ചും അറിഞ്ഞത്.

ഇത്തരം കാര്യങ്ങൾക്കുവേണ്ടിയാണോ ഇപ്പോൾ സമൂഹമാധ്യമങ്ങളെ ഉപയോഗിക്കുന്നത്?

ഗുണകരമായ എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി സമൂഹമാധ്യമങ്ങളെ നമുക്ക് ഉപയോഗിക്കാം? നിങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കൂ.

ടീച്ചറുടെ സഹായത്തോടെ ഗ്രേറ്റയുടെ ഫേസ്ബുക്ക് പേജ് സന്ദർശിക്കൂ. നിങ്ങൾ അറിയേണ്ട ധാരാളം കാര്യങ്ങൾ അതിലുണ്ടാവും.

സ്കൂളിന് ഫേസ്ബുക്ക് പേജുണ്ടോ? ഉണ്ടെങ്കിൽ മലയാളം ക്ലാസിൽ ഈ വർഷം ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിവരങ്ങളും ഫോട്ടോകളും സ്കൂളിന്റെ ഫേസ് ബുക്ക് പേജിൽ കൊടുക്കാൻ ടീച്ചറോട് പറയുമല്ലോ?

## ഗ്രേറ്റയ്ക്കൊരു കത്ത്

കാലാവസ്ഥാമാറ്റത്തെക്കുറിച്ച് 2018 മെയ് മാസത്തിൽ സ്വീഡിഷ് ഡെയിലി ന്യൂസ് എന്ന പത്രം നടത്തിയ ഉപന്യാസമത്സരത്തിൽ സമ്മാനം നേടിയപ്പോഴാണ് ഉപന്യാസമെഴുത്തു പോരാ, കാലാവസ്ഥാമാറ്റത്തിന് ഇടയാക്കുന്ന മനുഷ്യരുടെ പ്രവൃത്തികൾ തടയാൻ പോരാട്ടംതന്നെ വേണമെന്ന് ഗ്രേറ്റയ്ക്ക് മനസ്സിലായത്.

ഗ്രേറ്റ തന്റെ പോരാട്ടം തുടങ്ങിയത് ഒറ്റയ്ക്കാണ്. പിന്നീട് അവൾക്കൊപ്പം ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നായി പതിനായിരങ്ങൾ ചേർന്നു.

ഇതിനകം മുപ്പത്തഞ്ചിലധികം അന്തർദ്ദേശീയ പുരസ്കാരങ്ങൾക്ക് ഗ്രേറ്റ അർഹയായി.

കിട്ടാവുന്ന പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവ വായിച്ചും മറ്റുസാധ്യതകൾ പ്രയോജനപ്പെടുത്തിയും ഗ്രേറ്റയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുമല്ലോ. ഭൂമിയിലെ എല്ലാ മനുഷ്യർക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രേറ്റയ്ക്ക് ഒരു കത്തെഴുതൂ.

വ്യക്തിഗതമായി തയ്യാറാക്കി, ഗ്രൂപ്പിൽ മെച്ചപ്പെടുത്തി, ക്ലാസിന്റേതായി ഒരു കത്ത് തയ്യാറാക്കുക.

ചില സന്ദർഭങ്ങളിൽ ആരും സഹായത്തിനില്ലാതെ ഒറ്റപ്പെട്ടുപോകുന്നവരുണ്ട്. ഗ്രീക്ക് പുരാണകഥകളിൽ സൈക്കേ എന്നൊരു പെൺകുട്ടിയുണ്ട്. തന്നെ വിവാഹം ചെയ്ത ഈറോസ് ദേവനെ തിരികെക്കിട്ടാനായി സൈക്കേ നടത്തുന്ന പോരാട്ടത്തിന്റെ കഥ വായിക്കൂ.

## എരിതീയിലുയിരോടെ

ഭ്രാന്തിയെപ്പോലെ സൈക്കേ അലഞ്ഞുനടന്നു.
ആരും തുണയില്ലാത്ത അവസ്ഥ. കാറ്റിനോടും കല്ലിനോടും മരുഭൂമിയിലെ മണൽത്തരികളോടും അവൾ തന്റെ സങ്കടം പറഞ്ഞു. ഈറോസ് ദേവൻ എവിടെയാണെന്ന് ചോദിച്ചു. ഒരുത്തരവും അവൾക്ക് കിട്ടിയില്ല.
അവസാനം ഡിമിറ്റർ എന്ന വസന്തദേവതയെ അവൾ കണ്ടു. കണ്ണീർ പൊഴിച്ച് വിലപിക്കുന്ന അവളിൽ ആ ദേവി കനിഞ്ഞു. ദേവി പറഞ്ഞു:
"ഈറോസ് ദേവനെയാണല്ലോ നീ അന്വേഷിക്കുന്നത്. അദ്ദേഹം അമ്മയായ ആഫ്രോഡിറ്റിയുടെ അടുത്തുണ്ട്. വിളക്കിലെ എണ്ണ വീണതുകൊണ്ട് തോൾ പൊള്ളി ആ ദേവൻ വേദനിച്ചു കിടക്കുകയാണ്."
"കഷ്ടം. ഞാൻ ഇനി എന്താണ് ചെയ്യേണ്ടത്? ദേവി എന്നെ രക്ഷിക്കൂ... എനിക്ക് ഒരു മാർഗ്ഗം പറഞ്ഞുതരൂ..." അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.
ഡിമിറ്റർ പറഞ്ഞു : "ഒരേ ഒരു മാർഗ്ഗമേയുള്ളൂ. ആഫ്രോഡിറ്റി ദേവിയോട് മാപ്പ് അപേക്ഷിക്കുക. പാപപരിഹാരം ചെയ്ത് പ്രസാദിപ്പിക്കണം. അവർ ഇപ്പോൾ വല്ലാതെ കോപിച്ചിരിക്കയാണ്."
സൈക്കേ ആഫ്രോഡിറ്റി ദേവിയുടെ അടുത്തെത്തി. അവൾ പറഞ്ഞു :
"ദേവി എന്നോട് ക്ഷമിക്കൂ. ഞാൻ തെറ്റു ചെയ്തുപോയി. എന്തു പരിഹാരം വേണമെങ്കിലും ചെയ്തുകൊള്ളാം."
ആഫ്രോഡിറ്റി കോപം കൊണ്ട് ഉറഞ്ഞുതുള്ളുകയായിരുന്നു. എങ്ങനെയും സൈക്കേയെ നശിപ്പിച്ചിട്ടേ അടങ്ങുകയുള്ളുവെന്ന് അവൾ നിശ്ചയിച്ചിരുന്നു. ആഫ്രോഡിറ്റി ചോദിച്ചു:
"ഞാൻ പറയുന്ന ഏതു ജോലിയും നീ ചെയ്യുമോ?"
"തീർച്ചയായും ചെയ്യാം, ദേവീ." സൈക്കേ പറഞ്ഞു.
"എന്നാൽ ആ കാണുന്ന നെല്ലും ഗോതമ്പും അമരപ്പയറും ചേർന്ന് ഒന്നായിക്കിടക്കുന്ന ധാന്യക്കൂമ്പാരത്തിലെ ഓരോ ധാന്യവും വെവ്വേറെ ഇനം തിരിച്ചു പെറുക്കിക്കൂട്ടണം. ഇന്ന് സന്ധ്യയ്ക്കുമുമ്പ് ഇതു ചെയ്തുതീർക്കണം. അല്ലെങ്കിൽ കടുത്ത ശിക്ഷയുണ്ടാകും. വിജയിച്ചാൽ നിന്നെ അംഗീകരിക്കാം."

ആഫ്രോഡിറ്റി ഇത് പറയുമ്പോൾ ചുണ്ടിൽ ഒരു പരിഹാസച്ചിരി ഉണ്ടായിരുന്നു. പ്രഭാതത്തിൽ സൈക്കേ ജോലി തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ അവൾ തളർന്നു. ഭാരിച്ച ആ ജോലി മാസങ്ങൾകൊണ്ടുപോലും ചെയ്തുതീർക്കാൻ കഴിയില്ല എന്ന് അവൾക്കു വ്യക്തമായി.

മലപോലെ മുന്നിൽ കിടന്ന ധാന്യക്കൂമ്പാരത്തിനു മുമ്പിൽ ഇരുന്ന് സൈക്കേ പൊട്ടിക്കരഞ്ഞു. അവളുടെ കരച്ചിൽ കേട്ട ഒരു കൂട്ടം ഉറുമ്പുകൾ കാര്യം അന്വേഷിച്ചു. കരഞ്ഞുകൊണ്ട് അവൾ എല്ലാം പറഞ്ഞു.

ഉറുമ്പുകളുടെ രാജാവ് പറഞ്ഞു

“സഹോദരീ, കരയേണ്ട. ഞങ്ങൾ നിനക്കുവേണ്ടി ഈ ജോലി ചെയ്തുതീർക്കാം.” ലക്ഷോപലക്ഷം ഉറുമ്പുകൾ അവിടെയെത്തി. അവർ ചുരുങ്ങിയ സമയംകൊണ്ട് ധാന്യമണികൾ ഇനംതിരിച്ച് കൂനകളാക്കി മാറ്റി. സൈക്കേ ഉറുമ്പുകളോട് നന്ദി പറഞ്ഞു.



സന്ധ്യയ്ക്ക് ആഫ്രോഡിറ്റി വന്നു. ധാന്യങ്ങൾ അതതിടങ്ങളിൽ ഇനം തിരിച്ച് കൂട്ടിയിരിക്കുന്നു.

ദേവി വിസ്മയിച്ചു. എങ്കിലും ഇങ്ങനെയാണു പറഞ്ഞത്. "ഇത് തീർച്ചയായും നീ നിന്റെ കൈകൊണ്ട് ചെയ്തതല്ല. എന്തോ വഞ്ചന ഇതിലുണ്ട്."

ഒരു റൊട്ടിക്കഷണം അവൾക്ക് എറിഞ്ഞുകൊടുത്തിട്ട് അവരവളെ ഇരുട്ടറയിൽ അടച്ചു. സൈക്കേ ദുഃഖിതയായി അവിടെ കിടന്നു.

പിറ്റേദിവസം ആഫ്രോഡിറ്റി ദേവി മലമടക്കുകളിൽ നിന്ന് കുത്തിയൊഴുകുന്ന കരിനദി ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു.

"ആ നദിയുടെ ഉറവിടത്തിൽ നിന്ന് മഞ്ഞുകട്ടപോലെ തണുത്ത ജലം എടുത്ത് പാത്രം നിറയ്ക്കണം. സന്ധ്യയ്ക്കുമുമ്പ് എന്റെ പക്കൽ അത് എത്തിക്കണം. അല്ലെങ്കിൽ മരണമായിരിക്കും നിനക്ക് ഞാൻ തരുന്ന ശിക്ഷ, ഓർമ്മിച്ചുകൊള്ളൂ." രൗദ്രഭാവത്തോടെ ദേവി ചഷകം സൈക്കേയുടെ കയ്യിൽ ഏൽപ്പിച്ച് കടന്നുപോയി.

സൈക്കേ പളുങ്കുപാത്രവുമായി കരിനദിയുടെ ഉറവിടം തേടിപ്പോയി. വലിയ മലകളുടെ ഉച്ചിയിൽ നിന്നാണ് ആ നദിയുടെ തുടക്കം. ദുർഘടമായ മലയിടുക്കുകളിൽ കൂടി അവൾ കുറേദൂരം മുന്നോട്ടുപോയി. വഴി ആപൽക്കരം. മുകളിൽ ഹിംസ്രജന്തുക്കൾ. കരിനദിയുടെ ഉറവിടത്തിനടുത്ത് വരുന്നവരെ വിഴുങ്ങുവാൻ മലമ്പാമ്പുകൾ കാത്തുനിൽപ്പുണ്ട്.



ഭീകരസത്വങ്ങളുടെ അലർച്ച മലയിൽ മുഴങ്ങിക്കേട്ടു. അവൾ പേടിച്ചരണ്ടു. ആകാശത്തു പറന്നുനീങ്ങിയ ഒരു വലിയ കഴുകൻ സൈക്കേയെ കണ്ടു. അവളുടെ ദൈന്യത കണ്ട് ആർദ്രത തോന്നിയ കഴുകൻ അടുത്തു വന്നു പറഞ്ഞു "കുട്ടീ, മലയിൽ നീ കയറരുത്."

കണ്ണീരോടെ തന്റെ കഥകളെല്ലാം സൈക്കേ കഴുകനോട് പറഞ്ഞു. കഴുകന്റെ



മനസ്സലിഞ്ഞു. "നീ ഇവിടെത്തന്നെ നിൽക്കൂ. കഴുകൻ തുടർന്നു, നിന്റെ കയ്യിലെ പളുങ്കുപാത്രം തന്നാൽ കുളിർജലം ഞാൻ ശേഖരിച്ചുതരാം."

നീണ്ട കൊക്കിൽ പളുങ്കുപാത്രവും എടുത്ത് കഴുകൻ പറന്നുപോയി. നിമിഷങ്ങൾക്കകം തണുത്ത ജലം നിറച്ച പാത്രവുമായി തിരിച്ചെത്തി. സൈക്കെ കഴുകനോട് നന്ദി പറഞ്ഞു. വെള്ളം തുളുമ്പിപ്പോകാതെ അവൾ സാവധാനം താഴ്‌വരയിൽ ഇറങ്ങി. താൻ ആജ്ഞാപിച്ച കാര്യം നിർവഹിച്ച് മുൻപിൽ എത്തിയ സൈക്കേയോട്, അപ്പോഴും കോപമാണ് ദേവിക്കുണ്ടായത്. അവളെ ആഫ്രോഡിറ്റി കഠിനമായി ശകാരിച്ചു, ശപിക്കുകയും ചെയ്തു. കടുത്ത വേദനയോടെ സൈക്കേ നിലത്തുവീണു.

സംഭവങ്ങളെല്ലാം ഈറോസ് ദേവൻ അറിയുന്നുണ്ടായിരുന്നു. ആഫ്രോഡിറ്റി കടന്നുപോയപ്പോൾ അദ്ദേഹം അവളുടെ സമീപം വന്നു. അവൾ അമ്മയുടെ ശകാരവും ശാപവുമേറ്റ് ബോധമറ്റ് തറയിൽ കിടക്കുകയാണ്. ഈറോസിന്റെ മനസ്സ് വേദനിച്ചു. ചഷകത്തിലെ കുളിർജലം തളിച്ച് ഈറോസ് സൈക്കേയെ ഉണർത്തി.

ഈറോസിന്റെ ദർശനത്തിൽ സൈക്കേ കോരിത്തരിച്ചു. അവൾ തന്റെ വേദനകളെല്ലാം മറന്നു. അവളുടെ കൈപിടിച്ച് ഈറോസേ് ദേവൻ നടന്നു.

ഗ്രീക്ക് പുരാണകഥാസാഗരം പുനരാഖ്യാനം : ഫാദർ സെഡ്.എം.മുഴൂർ

### കഥ വായിക്കാം പറയാം

എല്ലാവരും മൗനമായി ഒന്നോ രണ്ടോ തവണ കഥ വായിക്കൂ.

ഇനി കഥ ഉറക്കെ വായിച്ചു കേട്ടാലോ? ഓരോരുത്തരായി ഗ്രൂപ്പിൽ കഥ ഭാഗങ്ങളായി വായിച്ച് പൂർത്തിയാക്കണം.

വായിച്ചും വായന കേട്ടുമുള്ള ഓർമ്മവച്ച് ഈ കഥ ആർക്കെല്ലാം പറയാൻ പറ്റും? പറഞ്ഞുനോക്കൂ.

കഥവായനയും കഥപറച്ചിലും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്? ചർച്ച ചെയ്യൂ.

### കഥാപാത്രങ്ങളോടൊപ്പം

എരിതീയിലുയിരോടെ എന്ന കഥയിലെ കഥാപാത്രങ്ങളാരെല്ലാം?

രണ്ടോ മൂന്നോ വാക്യംകൊണ്ട് ഓരോ കഥാപാത്രത്തെയും പരിചയപ്പെടുത്തൂ.

### എനിക്കും പറയാനുണ്ട്

'ഇത് തീർച്ചയായും  നീ നിന്റെ കൈകൊണ്ട് ചെയ്തതല്ല. എന്തോ വഞ്ചന ഇതിലുണ്ട്.'

'ഇതു നീ തനിച്ച് സമ്പാദിച്ചതല്ല. ആരെങ്കിലും നിന്നെ സഹായിച്ചിട്ടുണ്ടാകും.'

വളരെ കഷ്ടപ്പെട്ട് കല്പനകൾ പൂർത്തിയാക്കി തിരിച്ചുവന്ന സൈക്കേയോട് ആഫ്രോഡിറ്റി ഇങ്ങനെയാണ് പറഞ്ഞത്. ആഫ്രോഡിറ്റിയുടെ ഈ പ്രവൃത്തിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

ഗ്രൂപ്പിൽ ചർച്ച ചെയ്തു കണ്ടെത്തൂ... നോട്ടുപുസ്തകത്തിൽ കുറിക്കൂ.

### പഴഞ്ചൊല്ലിന്റെ പൊരുൾ

'തലയ്ക്കു മീതെ വെള്ളം വന്നാൽ അതുക്കു മീതെ തോണി.'

ഈ ചൊല്ലിന്റെ ആശയമെന്താണ്? ഒന്നല്ലൊരുകോടി മാവേലിമാർ, ഭൂമിക്കുവേണ്ടി, എരിതീയിലുയിരോടെ എന്നീ പാഠങ്ങളിലൂടെ നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങളുമായി ഈ പഴഞ്ചൊല്ലിനുള്ള ബന്ധമെന്താണ്?

നിങ്ങളുടെ കണ്ടെത്തലുകൾ ഒരു കുറിപ്പായി എഴുതൂ.

### കഥയരങ്ങ്

പാഠപുസ്തകത്തിൽനിന്നും ക്ലാസ് ലൈബ്രറിയിൽനിന്നും അടുത്തുള്ള വായനശാലയിൽ നിന്നും ധാരാളം കഥകൾ നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ.

ഇഷ്ടപ്പെട്ട കഥകൾ ഉൾപ്പെടുത്തി ക്ലാസിൽ കഥയരങ്ങ് സംഘടിപ്പിക്കുക

## പദപരിചയം

| | | |
|---|---|---|
| അകത്തളം | - | ഉള്ളിലെ മുറി |
| അജണ്ട | - | കാര്യപരിപാടി |
| ആഗോളതാപനം | - | ഭൂമിയുടെ താപനില വർധിക്കൽ |
| ആജ്ഞാപിക്കുക | - | അധികാരത്തോടെ നിർദേശിക്കുക |
| ആർദ്രത | - | ദയ, അലിവ് |
| ഇരുട്ടറ | - | ഇരുട്ടുള്ള മുറി |
| ഉത്സാഹഭരിത | - | ഉത്സാഹം നിറഞ്ഞവൾ |
| ഉയിർപ്പ് | - | ജീവൻ |
| കുത്തിയൊഴുകുക | - | ശക്തമായി ഒഴുകുക |
| കുരുതി | - | നശിപ്പിക്കൽ |
| കൂമ്പാരം | - | കൂന (കൂട്ടിയിട്ടത്) |
| ചമയ്ക്കുക | - | ഉണ്ടാക്കുക |
| ചഷകം | - | പാത്രം |
| ചെറ | - | ജലാശയങ്ങളെ തടഞ്ഞുനിർത്തുന്ന വരമ്പ്, ജലാശയം |
| ചേല് | - | ഭംഗി |
| ജീവിതശൈലി | - | ജീവിതരീതി |
| തല പുകയ്ക്കുക | - | പ്രയാസപ്പെടുക |
| തുളുമ്പുക | - | കവിഞ്ഞ് പുറത്തേക്ക് വീഴുക |
| ദ ഗാർഡിയൻ | - | പ്രശസ്തമായ ഒരു ഇംഗ്ലീഷ് പത്രം |
| ദൈന്യത | - | സങ്കടം, ക്ഷീണം |
| നന്മത്തിരി | - | നന്മയുടെ തിരി |
| പതിയെപ്പതിയെ | - | പതുക്കെപ്പതുക്കെ |
| പരിഹാരം | - | തീർപ്പ് |
| പരിഹാസം | - | കളിയാക്കൽ |
| പരുവം | - | പാകമാകൽ |
| പളുങ്കുപാത്രം | - | ചില്ലുപാത്രം |
| പ്രയത്നം | - | അധ്വാനം |
| പ്രസാദിപ്പിക്കുക | - | സന്തോഷിപ്പിക്കുക |
| പ്രൗഢം | - | ഗംഭീരം |

| | | |
|---|---|---|
| ഭീകരസത്വം | - | പേടിപ്പിക്കുന്ന രൂപം |
| രൗദ്രഭാവം | - | കോപഭാവം |
| ലക്ഷ്യബോധം | - | ലക്ഷ്യത്തെക്കുറിച്ചുള്ള ബോധം |
| വഴിപോക്കർ | - | യാത്രക്കാർ |
| വിലപിക്കുക | - | കരയുക |
| ശകാരം | - | വഴക്ക് പറച്ചിൽ |
| സമസ്തം | - | എല്ലാം |